അന്നപൂർണ്ണ കാർഡ് ഉടമകൾ

293 (1350) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ അന്നപൂർണ്ണ കാർഡ് ഉടമകൾക്കുള്ള സൗജന്യ അരി വിതരണം നിർത്തി വച്ചിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അന്നപൂർണ്ണ ഗ്രണഭോക്താക്കൾക്കുള്ള അരിയുടെ അലോട്ട്മെന്റ് നിർത്തി വയ്ക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഗ്രണഭോക്താക്കൾക്കുള്ള അരി വിതരണം പുനസ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 1-1-2014-ലെ നമ്പർ 4-6/2013-BP.II ഉത്തരവ് പ്രകാരം 2013 ഒക്ടോബർ മാസം മുതൽ 2014 മാർച്ച് മാസം വരെ വിതരണം നടത്തുന്നതിന് 2.38 MT അരിയാണ് കേരളത്തിന് അനുവദിച്ചത്. 2014 മാർച്ച് മാസത്തിനുശേഷം കേന്ദ്ര സർക്കാരിൽ നിന്നും ടി അലോട്ട്മെന്റ് ലഭിച്ചിട്ടില്ല. ആയതിനാൽ ജില്ലകളിൽ അന്നപൂർണ്ണ അരിയുടെ സ്റ്റോക്ക് പരിമിതമാണ്. ടി സാഹചര്യത്തിലാണ് അരിയുടെ വിതരണം മുടങ്ങുവാൻ ഇടയായത്.

(സി) പ്രസ്തുത ഗ്രണഭോക്താക്കൾക്ക് അരിവിതരണം പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ അലോട്ട്മെന്റിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റി രൂപീകരണം

294 (1351) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത കമ്മിറ്റികൾ എത്രമാത്രം പ്രയോജനപ്പെടുമെന്ന് വിശദമാക്കുമോ;

(ഡി) എല്ലാ പഞ്ചായത്തുകളിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) രൂപീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ കൺവീനറുമായാണ് പഞ്ചായത്ത്തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിരിക്കുന്നത്. 2 മാസത്തിലൊരിക്കൽ ടി സമിതി യോഗം ചേരേണ്ടതുണ്ട്. പൊതുവിതരണ സമ്പ്രദായത്തിന്റെ അവലോകനം, ഗുണമേന്മയുള്ള റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ഉപഭോക്താവിന് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക, കൂടാതെ ഉപഭോക്താക്കളെ കണ്ടെത്തുന്നത് സംബന്ധിച്ച പ്രശ്നങ്ങളിൽ ഇടപെടുക, ന്യായവില ഷോപ്പുകളുടെ പ്രവർത്തനം നിരീക്ഷിക്കുക, പൊതു വിതരണ സമ്പ്രദായത്തിന്റെ തുടർച്ചയായ അവലോകനം എന്നിവ പഞ്ചായത്ത്തല വിജിലൻസ് കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്.

(സി) റേഷൻ സാധനങ്ങൾ യഥാസമയം ശരിയായ അളവിലും തൂക്കത്തിലും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക, റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് ഇവ തടയുക മുതലായ പ്രവർത്തനങ്ങൾക്ക് വിജിലൻസ് സമിതികൾ വകുപ്പിന് സഹായകമാകുന്നുണ്ട്. കൂടാതെ, സമിതി യോഗങ്ങളിൽ ഉന്നയിക്കുന്ന പരാതികൾക്ക് പരിഹാരം കാണാനും കഴിയുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്തുതല വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly